നാജിയയുടെ ദിവസങ്ങൾ



നാജിയ മിടുക്കിക്കുട്ടിയാണ്. ഉപ്പയില്ലാത്ത നാജിയയെ ഉമ്മ വീട്ടു ജോലികൾ ചെയ്താണ് വളർത്തുന്നത്. ഒരുവിധത്തിലും ഉമ്മയെ കഷ്ടപ്പെടുത്താൻ ആഗ്രഹിക്കാത്ത കുട്ടിയാണ് നാജിയ. അതിനാൽ പ്ലസ് ടു വെക്കേഷൻ സമയത്ത് ഉമ്മ ജോലിക്ക് പോയപ്പോൾ നാജിയ അടുത്ത മാർക്കറ്റിലേക്ക് വെച്ചു പിടിച്ചു. പച്ചക്കറിക്കടയിൽ കയറി അവൾ പറഞ്ഞു എനിക്കു ജോലി തരുമോ.. ?

ഒന്ന് കളിയാക്കാതെ പോ കൊച്ചേ എന്ന് അയാൾ പറഞ്ഞു.

ഞാൻ കാര്യത്തിൽ പറഞ്ഞതാണെന്നും ജോലി തന്നാൽ വലിയ ഉപകാരമാകുമെന്നും വീട്ടിലെ കാര്യങ്ങളുമൊക്കെ അവൾ പറഞ്ഞു.

കട അടുക്കും ചിട്ടയിലും കൊണ്ടു നടത്താനും കണക്കും കാര്യങ്ങളുമെല്ലാം നോക്കാനും അയാൾ നാജിയയെ ഏൽപ്പിച്ചു. ദിവസം 500 രൂപയും നൽകാം എന്നു പറഞ്ഞു. അവൾക്ക് സന്തോഷമായി. രാവിലെ ഒമ്പതര മുതൽ വൈകീട്ട് അഞ്ചര വരെയായിരിക്കും ജോലി സമയം എന്നു പറഞ്ഞു.

അമ്മ തിരികെ വീട്ടിൽ എത്തുന്നതിനു മുമ്പ് തന്നെ താൻ എത്തുമല്ലോ എന്ന ആശ്വാസമായിരുന്നു അവൾക്ക്.

അവളങ്ങനെ ഒന്നരമാസം ജോലി ചെയ്തു. ഇനി കോളേജിൽ പഠിക്കാൻ പോകണമല്ലോ എന്നവൾ ഓർത്തു. ജോലി സമയം ഒന്ന് ഇളവ് ചെയ്ത് കിട്ടുമോ എന്ന് അവൾ കടക്കാരനോട് ചോദിച്ചു. ആലോചിക്കട്ടെ എന്നയാൾ പറഞ്ഞു.

ഒരു ദിവസം വൈകുന്നേരം നാജിയ വരാന്തയിൽ ഇരിക്കുമ്പോൾ ഒരു കാറ് വന്നു. എന്നിട്ട് അവളുടെ ഉമ്മ ജോലി സ്ഥലത്ത് തല കറങ്ങി വീണെന്നും മറ്റും പറഞ്ഞു. ഉടനെ അവൾ ആശുപത്രിയിലേക്കോടി. ചികിൽസയും മറ്റുമായി രണ്ടു മൂന്ന് ദിവസം പിന്നെ അവർ ഹോസ്പിറ്റലിലായിരുന്നു. താൻ ജോലി ചെയ്ത് കിട്ടിയ കാശ് കൈയിലുണ്ടായിരുന്നതു കൊണ്ട് ആരുടെ മുന്നിലും കൈ നീട്ടേണ്ടി വന്നില്ല.

അസുഖം ഭേദമായി അവർ വീട്ടിലേക്ക് മാറി. അന്നേരം അവൾക്ക് പച്ചക്കറി കടയുടെ ഉടമസ്ഥൻ ഫോൺ വിളിച്ചു:

മോള് ഇനിയും ജോലിക്ക് വന്നോളൂ. ക്ലാസിന്റെ സമയത്തിനനുസരിച്ച് ജോലി സമയം മാറ്റിത്തരാം എന്നു പറഞ്ഞു.

അപ്പോൾ ഉമ്മയോട് അവൾ ഇതുവരെ



അമ്മാർ ടി.പി, ക്ലാസ്- 3
ജി.എം.യു.പി.എൽ.പി സ്കൂൾ
സി.എം.ആർ



അബ്ദുൽ അഹദ് കെ,
ക്ലാസ്- 1
കാളോത്ത് എ.എം.എൽ.പി സ്കൂൾ

◆◆ ഹാരിപോട്ടർ കൃതികളുടെ രചയിതാവ് ജെ. കെ റൗളിങ്(ബ്രിട്ടീഷ് എഴുത്തുകാരി)

യുള്ള കഥയെല്ലാം പറഞ്ഞു. ഉമ്മ ഇനി ജോലിക്ക് പോകണ്ട എന്നും പറഞ്ഞു. അന്നേരം ഉമ്മ അവളെ സ്നേഹത്തോടെ ചേർത്തു പിടിച്ചു. എന്റെ മോൾ നല്ല കുട്ടിയാണ്.

നാസിയ പർവീൻ , ക്ലാസ് 7
തൃച്ചംബരം യു.പി സ്കൂൾ, തളിപ്പറമ്പ്

റോസാപ്പൂവ്

ചുവന്ന് തുടുത്ത റോസാപ്പൂവ്
മിനുമിനുത്ത റോസാപ്പൂവ്
മുള്ളുകളുള്ള റോസാപ്പൂവ്
സുഗന്ധമുള്ള റോസാപ്പൂവ്

തോട്ടത്തിലാടും റോസാപ്പൂവ്
ഭംഗിയുള്ള റോസാപ്പൂവ്
കാറ്റിലാടും റോസാപ്പൂവ്
സുന്ദരിയായ റോസാപ്പൂവ്

ഷെല്ല കൊച്ചിപ്പള്ളി
ക്ലാസ് 1
സെന്റ് തെരേസാസ് ആംഗ്ലോ ഇന്ത്യൻ
എൽ.പി സ്കൂൾ, കണ്ണൂർ



ഫാത്തിമ സഹ്ല വി. എസ്, ക്ലാസ്- 7
ഇസ്ലാമിക് യു.പി സ്കൂൾ മന്നം
പറവൂർ, എറണാകുളം



സാറാ തസ്‌ലിം, യു.കെ.ജി
അമൽ പബ്ലിക് സ്കൂൾ
ചാലക്കൽ, ആലുവ



സ്വാശ്രയത്തിന്റെ സൗന്ദര്യം

നാസിയ പർവീൻ എഴുതിയ 'നാജിയയുടെ ദിവസങ്ങൾ' എന്ന കൊച്ചുകഥ സ്വാശ്രയത്തിന്റെ സന്ദേശം പകരുന്നു. നമ്മുടെ രാജ്യത്തിൽ നിന്നു വ്യത്യസ്തമായി പാശ്ചാത്യ രാജ്യങ്ങളിൽ വിദ്യാർത്ഥികൾ കുട്ടിക്കാലം തന്നെ തൊഴിലെടുത്തു വിദ്യാഭ്യാസത്തിനുള്ള പണം കണ്ടെത്തുന്ന പതിവുണ്ട്. മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാൻ പഠിക്കാനും, അദ്ധ്വാനശീലം സ്വായത്തമാക്കാനും അതുവഴി അവർക്ക് കഴിയുന്നു. നമ്മുടെ നാട്ടിലും പുതുതലമുറയിൽ ഇത്തരം ചിന്തകൾ വികസിച്ചു വരുന്നു എന്ന് നാജിയയുടെ കഥ നമ്മോട് വിളിച്ചു പറയുന്നു. നല്ല അവതരണ ഭംഗികൊണ്ടും വികാര തീക്ഷ്ണത കൊണ്ടും ഈ രചന നമ്മെ ആകർഷിക്കുന്നു.

• സസ്നേഹം മാഷ്

◆◆ കമ്പ്യൂട്ടർ മൗസ് കണ്ടുപിടിച്ചത് – ഡഗ്ലസ് ഏഞ്ചൽ ബാർട്ട്